## മധുരമായ കുട്ടികളേ - ബാബ നിങ്ങളെ ദൈവീക ധർമ്മവും ശ്രേഷ്ഠ കർമ്മവും പഠിപ്പിക്കുന്നു അതുകൊണ്ട് നിങ്ങളിൽ നിന്ന് ഏതൊരു ആസുരീയ കർമ്മവും ഉണ്ടാകരുത്, ബുദ്ധി വളരെ ശുദ്ധമായിരിക്കണം

**ചോദ്യം:-** ദേഹ-അഭിമാനത്തിൽ വരുന്നതിലൂടെ ഏറ്റവും ആദ്യമുണ്ടാകുന്ന പാപം ഏതാണ്?
**ഉത്തരം:-** അഥവാ ദേഹ-അഭിമാനത്തിലാണെങ്കിൽ ബാബയുടെ ഓർമ്മയ്ക്ക് പകരം ദേഹധാരിയുടെ ഓർമ്മ വരും, ദൃഷ്ടി മോശമായിക്കൊണ്ടിരിക്കും, മോശമായ ചിന്തകൾ വരും. ഇത് വളരെ വലിയ പാപ മാണ്. മായ യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണെന്നുള്ളത് മനസ്സിലാക്കണം. പെട്ടന്ന് തന്നെ ജാഗ്രതയു ള്ളവരാകണം.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ആത്മീയ അച്ഛൻ എവിടെ നിന്നാണ് വന്നിരിക്കുന്നത്? ആത്മീയ ലോകത്ത് നിന്ന്. അതിനെയാണ് നിർവ്വാണധാമം അഥവാ ശാന്തിധാമമെന്നും പറയുന്നത്. ഗീതയിലെ കാര്യമാണ്. നിങ്ങളോട് ചോദിക്കാറുണ്ട് - ഈ ജ്ഞാനം എവിടെ നിന്ന് വന്നു? പറയൂ, ഇത് അതേ ഗീതയിലെ ജ്ഞാനമാണ്. ഗീതയുടെ പാർട്ട് നടന്നുകൊണ്ടിരി ക്കുകയാണ് ബാബയാണ് പഠിപ്പിക്കുന്നത്. ഭഗവാനുവാചാ എന്നല്ലേ ഭഗവാൻ ഒന്നുമാത്രമാണ്. ബാബ ശാന്തിയുടെ സാഗരനാണ്. വസിക്കുന്നതും ശാന്തിധാമത്തിലാണ്, അവിടെയാണ് നമ്മളും വസിക്കുന്നത്. ബാബ മനസ്സിലാക്കി തരികയാണ് ഇതാണ് പതിത ലോകം, പാപ ആത്മാക്കളുടെ തമോപ്രധാന ലോകം. നിങ്ങളും അറിയുന്നുണ്ട് അതായത് നമ്മൾ ആത്മാക്കൾ ഈ സമയം തമോപ്രധാനമാണ്. 84-ന്റെ ചക്രം കറങ്ങി സതോപ്രധാനത്തിൽ നിന്ന് ഇപ്പോൾ തമോപ്രധാനതയിലേക്ക് വന്നിരിക്കുന്നു. ഇത് പഴയത് അഥവാ കലിയുഗീ ലോകമല്ലേ. ഈ പേരെല്ലാം ഈ സമയത്തേതാണ്. പഴയ ലോകത്തിന് ശേഷം വീണ്ടും പുതിയ ലോകം ഉണ്ടാകുന്നു. എപ്പോഴാണോ ലോകത്തിന്റെ പരിവർത്തനം സംഭവിക്കുന്നത് അപ്പോഴാണ് മഹാഭാരതയുദ്ധമുണ്ടാവുക എന്ന് ഭാരതവാസികൾക്കറിയാം. അപ്പോൾ തന്നെയാണ് ബാബയും വന്ന് രാജയോഗം പഠിപ്പിക്കുന്നത്. കേവലം എന്ത് തെറ്റാണ് സംഭവിച്ചത്? ഒന്ന് കൽപത്തിന്റെ ആയുസ്സ് മറന്ന് പോയി അതുപോലെ ഗീതയുടെ ഭഗവാനെയും മറന്നിരിക്കുന്നു. കൃഷ്ണനെ ഗോഡ് ഫാദറെന്ന് പറയാൻ സാധിക്കില്ല. നിരാകാരനായ ബാബയെയാണ് ആത്മാക്കൾ ഗോഡ് ഫാദറെന്ന് പറയുന്നത്. നിരാകാരനായ ബാബ ആത്മാക്കളോട് പറയുന്നു എന്നെ ഓർമ്മിക്കൂ. ഞാൻ തന്നെയാണ് പതിത-പാവനൻ, എന്നെ വിളി ക്കുന്നുമുണ്ട്- അല്ലയോ പതിത-പാവനാ എന്ന്. കൃഷ്ണൻ ദേഹധാരിയല്ലേ. എനിക്കാണെങ്കിൽ ശരീരമി ല്ല. ഞാൻ നിരാകാരനാണ്, മനുഷ്യരുടെ പിതാവല്ല, ആത്മാക്കളുടെ പിതാവാണ്. ഇത് പക്കയാക്കണം. ഓരോ നിമിഷവും നമ്മൾ ആത്മാക്കൾ ഈ പിതാവിൽ നിന്ന് സമ്പത്തെടുക്കുകയാണ്. ഇപ്പോൾ 84 ജന്മം പൂർത്തിയായി, ബാബ വന്നിരിക്കുന്നു. ബാബാ-ബാബാ എന്ന് പറഞ്ഞുകൊണ്ടേയിരിക്കണം. ബാബയെ വളരെയധികം ഓർമ്മിക്കണം. മുഴുവൻ കൽപ്പത്തിലും ലൗകീക പിതാവിനെയാണ് ഓർമ്മിച്ചത്. ഇപ്പോൾ ബാബ വന്നിരിക്കുന്നു മനുഷ്യ സൃഷ്ടിയിൽ നിന്ന് എല്ലാ ആത്മാക്കളെയും തിരിച്ച് കൊണ്ടുപോകുന്നു എന്തുകൊണ്ടെന്നാൽ രാവണ രാജ്യത്തിൽ മനുഷ്യരുടെ ദുർഗതി സംഭവിച്ചിരിക്കുന്നു അതുകൊണ്ട് ഇപ്പോൾ ബാബയെ ഓർമ്മിക്കണം. ഇപ്പോൾ ഇത് രാവണ രാജ്യമാണെന്നുപോലും ഒരു മനുഷ്യനും മനസ്സിലാക്കു ന്നില്ല. രാവണന്റെ അർത്ഥം തന്നെ മനസ്സിലാക്കുന്നില്ല. ദസറ ആഘോഷിക്കുന്നതിന്റെ ഒരു സമ്പ്രദായം ഉണ്ടായി അത്രമാത്രം. നിങ്ങളാരും അർത്ഥം മനസ്സിലാക്കിയിരുന്നില്ല. മറ്റുള്ളവർക്ക് പകർന്ന് നൽകുന്നതി നായി നിങ്ങൾക്ക് ഇപ്പോൾ അറിവ് ലഭിച്ചിരിക്കുന്നു. അഥവ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ അർത്ഥം സ്വയം മനസ്സിലാക്കിയിട്ടില്ല എന്നാണ്. ബാബയിൽ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമുണ്ട്. നമ്മൾ ആ ബാബയുടെ കുട്ടികളാണെങ്കിൽ കുട്ടികളിലും ആ ജ്ഞാനം ഉണ്ടായിരിക്കണം.

ഇതാണ് നിങ്ങളുടെ ഗീതാ പാഠശാല. ലക്ഷ്യമെന്താണ്? ഈ ലക്ഷ്മീ-നാരായണനാകുക. ഇത് രാജയോ ഗമല്ലേ. നരനിൽ നിന്ന് നാരായണൻ, നാരിയിൽ നിന്ന് ലക്ഷ്മിയാകുന്നതിനുള്ളതാണ് ഈ ജ്ഞാനം. അവർ കഥകളിരുന്ന് കേൾപ്പിക്കുന്നു. ഇവിടെയാണെങ്കിൽ നമ്മൾ പഠിക്കുകയാണ്, നമ്മളെ ബാബ രാജയോഗം പഠിപ്പിക്കുകയാണ്. ഇത് പഠിപ്പിക്കുന്നത് കൽപ്പത്തിന്റെ സംഗമയുഗത്തിൽ മാത്രമാണ്. ബാബ പറയുന്നു ഞാൻ പഴയ ലോകത്തെ മാറ്റി പുതിയതുണ്ടാക്കാൻ വന്നിരിക്കുന്നു. പുതിയ ലോകത്തിൽ ഇവരുടെ രാജ്യ മായിരുന്നു, പഴയതിൽ ഇല്ല, വീണ്ടും തീർച്ചയായും ഉണ്ടാകണം. ചക്രത്തെ മനസ്സിലാക്കിയിട്ടുണ്ട്. മുഖ്യ ധർമ്മങ്ങൾ നാലാണ്. ഇപ്പോൾ ദൈവീക ധർമ്മം ഇല്ല. ദൈവീക ധർമ്മവും ദൈവീക കർമ്മവും ഭ്രഷ്ടമായിരിക്കുകയാണ്. ഇപ്പോൾ വീണ്ടും നിങ്ങളെ ദൈവീക ധർമ്മ ശ്രേഷ്ഠതയും കർമ്മ ശ്രേഷ്ഠതയും

പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്റെ മേൽ ശ്രദ്ധ വെയ്ക്കണം, എന്നിൽ നിന്ന് ഒരാസുരീയ കർമ്മവും ഉണ്ടാകുന്നില്ലല്ലോ? മായ കാരണം ഒരു മോശമായ ചിന്തയും ബുദ്ധിയിൽ വരുന്നില്ലല്ലോ? കുദൃഷ്ടി ഇല്ലല്ലോ? ഇവർക്ക് കുദൃഷ്ടി ഉണ്ടാകുന്നു അഥവാ മോശമായ ചിന്തകൾ വരുന്നു എന്നു കാണുമ്പോൾ അവർക്ക് പെട്ടന്ന് തന്നെ ജാഗ്രത നൽകണം. അവരുമായി അടുക്കരുത്. അവരെ ജാഗ്രത പ്പെടുത്തണം – നിങ്ങളിൽ മായയുടെ പ്രവേശത കാരണത്താലാണ് ഈ മോശം ചിന്തകൾ വരുന്നത്. യോഗത്തിനിരുന്ന് ബാബയുടെ ഓർമ്മക്ക് പകരം ഏതെങ്കിലും ശരീരത്തിലേക്ക് ചിന്ത പോകുന്നുണ്ടെ ങ്കിൽ മനസ്സിലാക്കണം ഇത് മായയുടെ യുദ്ധമാണ് നടന്നുകൊണ്ടിരിക്കുന്നത്, ഞാൻ പാപം ചെയ്തുകൊ ണ്ടിരിക്കുകയാണ്. ഇതിൽ ബുദ്ധിയുടെ വലിയ ശുദ്ധി ആവശ്യമാണ്. ചിരി–തമാശകളിലൂടെ പോലും വളരെ നഷ്ടം ഉണ്ടാകുന്നു അതുകൊണ്ട് നിങ്ങളുടെ വായിലൂടെ എല്ലായിപ്പോഴും ശുദ്ധ വചനങ്ങൾ വര ണം, കുവചനങ്ങളല്ല. ചിരി തമാശകൾ പോലും പാടില്ല. ഞാൻ വെറുതെ ചിരിച്ചതേയുള്ളൂ... എന്നു പറയുന്നതുപോലും ആപത്തിന് കാരണമാകുന്നു. നമ്മൾ ചിരിക്കുന്നതിലും വികാരങ്ങളുടെ വായു ഉണ്ടാ യിരിക്കരുത്. വളരെ ജാഗ്രതയുള്ളവരായി കഴിയണം. നിങ്ങൾക്കറിയാം നാംഗെ മനുഷ്യർ അവരുടെ ചിന്ത വികാരങ്ങളിലേക്ക് പോകുകയേയില്ല. അവർ വേറിട്ടാണ് വസിക്കുന്നതും. എന്നാൽ കർമ്മേന്ദ്രിയങ്ങ ളുടെ ചഞ്ചലത യോഗത്തിലൂടെയല്ലാതെ ഒരിക്കലും ഇല്ലാതാവുകയില്ല. നിങ്ങൾ യോഗത്തിൽ പൂർണ്ണരല്ലെങ്കിൽ, ആരെയെങ്കിലും കാണുമ്പോൾ തീർച്ചയായും ചഞ്ചലതയുണ്ടാകുന്നതും കാമവികാരം കാരണമാണ്. അവനവനെ പരീക്ഷിക്കണം. ബാബയുടെ ഓർമ്മയിൽ മാത്രം കഴിയുകയാണെങ്കിൽ ഇപ്ര കാരത്തിലുള്ള ഒരു രോഗവും ഉണ്ടായിരിക്കില്ല. യോഗത്തിലൂടെ ഇതൊന്നുമുണ്ടാകില്ല. സത്യയുഗത്തിലാ ണെങ്കിൽ ഒരു പ്രകാരത്തിലുള്ള അഴുക്കും ഉണ്ടായിരിക്കില്ല. അവിടെ ചഞ്ചലതയുണ്ടാക്കാൻ രാവണൻ തന്നെയില്ല. അവിടെ യോഗീജീവിതമായിരിക്കും. ഇവിടെയും അവസ്ഥ വളരെ ഉറച്ചതായിരിക്കണം. യോഗ ബലത്തിലൂടെ ഈ എല്ലാ രോഗങ്ങളും അവസാനിക്കുന്നു. ഇതിൽ വലിയ പരിശ്രമമുണ്ട്. രാജ്യം നേടു ന്നത് ചിറ്റമ്മടുടെ വീട്ടിൽ പോകലല്ല. പുരുഷാർത്ഥം ചെയ്യേണ്ടതല്ലേ. ഭാഗ്യത്തിലെന്ത് ഉണ്ടായിരിക്കുമോ അത് ലഭിക്കും എന്ന് ചിന്തിക്കരുത്. ധാരണ ചെയ്യുന്നില്ലെങ്കിൽ അതിനർത്ഥം ചില്ലി കാശിന്റെ പദവി നേടാനുള്ള യോഗ്യതയേയുള്ളൂ എന്നാണ്. വിഷയങ്ങൾ ധാരാളം ഉണ്ടായിരിക്കില്ലേ. ചിലർ ചിത്രരചനയിൽ, ചിലർ കളികളിൽ മാർക്ക് നേടിയെടുക്കുന്നു. അതെല്ലാം സാധാരണ വിഷയം. അതുപോലെ തന്നെ ഇവി ടെയും വിഷയങ്ങളുണ്ട്. എന്തെങ്കിലുമൊക്കെ പദവി ലഭിക്കുമായിരിക്കും. ബാക്കി ചക്രവർത്തീ പദം ലഭിക്കില്ല. അതിന് സേവനം ചെയ്യണം അപ്പോഴാണ് ചക്രവർത്തീ പദവി ലഭിക്കുക. അതിന് വളരെ പരി ശ്രമം ആവശ്യമാണ്. വളരെ പേരുടെ ബുദ്ധിയിൽ ഇരിക്കുന്നതേയില്ല. ഭക്ഷണം ദഹിക്കാത്തതുപോലെ. ഉയർന്ന പദവി നേടുന്നതിനുള്ള ധൈര്യമില്ല, ഇതിനെയും രോഗമെന്നല്ലേ പറയുക. നിങ്ങൾ ഏതൊരു കാര്യമാണെങ്കിലും കണ്ടിട്ടും കാണാതിരിക്കൂ. ആത്മീയ അച്ഛന്റെ ഓർമ്മയിലിരുന്ന് മറ്റുള്ളവർക്ക് വഴി പറഞ്ഞ് കൊടുക്കണം, അന്ധരുടെ ഊന്നുവടിയാകണം. നിങ്ങൾക്ക് വഴി അറിയാമല്ലോ. ആരെല്ലാമാണോ മഹാരഥികളായിട്ടുള്ളത്, അവരുടെ ബുദ്ധിയിൽ രചയിതാവിന്റെയും രചനയുടെയും ജ്ഞാനവും മുക്തിയും ജീവൻമുക്തിയും കറങ്ങിക്കൊണ്ടിരിക്കുന്നു. കുട്ടികളുടെ അവസ്ഥയിലും രാത്രിയും–പകലിന്റെയും വ്യത്യാ സമുണ്ട്. വളരെ ധനവാൻമാരാകുന്നവർ എവിടെക്കിടക്കുന്നു, തീർത്തും ദരിദ്രരാകുന്നവർ എവിടെക്കിട ക്കുന്നു. രാജ്യ പദവിയിൽ വ്യത്യാസമുണ്ടായിരിക്കില്ലേ. ബാക്കി, അവിടെ രാവണനില്ലാത്തതിനാൽ ദുഃഖം ഉണ്ടായിരിക്കില്ല. ബാക്കി സമ്പത്തിൽ വ്യത്യാസമുണ്ട്. സമ്പത്തിൽ നിന്നാണ് സുഖമുണ്ടാകുന്നത്.

എത്രത്തോളം യോഗത്തിലിരിക്കുന്നോ അത്രത്തോളം ആരോഗ്യം വളരെ നല്ലതാകും. പരിശ്രമിക്കണം. വളരെ പേരുടെ പെരുമാറ്റം തന്നെ അജ്ഞാനി മനുഷ്യരുടേത് പോലെയാണ്. അവർക്ക് ആരുടെയും മംഗളം ചെയ്യാൻ സാധിക്കില്ല. എപ്പോൾ പരീക്ഷ നടക്കുന്നോ അപ്പോൾ മനസ്സിലാക്കാൻ സാധിക്കും ആര് എത്ര മാർക്കിൽ പാസ്സാകും, പിന്നീട് ആ സമയം അയ്യോ–അയ്യോ എന്ന് നിലവിളിക്കേണ്ടി വരും. ബാപ്ദാദ രണ്ട് പേരും തന്നെ എത്രയാണ് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നത്. ബാബ വന്നിരിക്കുന്നത് തന്നെ മംഗളം ചെയ്യുന്നതിനാണ്. തന്റെ മംഗളം ഉണ്ടാക്കണമെങ്കിൽ മറ്റുള്ളവരുടെ മംഗളവും ചെയ്യണം. ബാബയെ വിളിച്ചിട്ടുമുണ്ട് അതായത് വന്ന് ഞങ്ങൾ പതിതർക്ക് പാവനമാകുന്നതിനുള്ള വഴി പറഞ്ഞ് തരൂ. അതു കൊണ്ട് ബാബ ശ്രീമതം തരുന്നു – നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ദേഹ–അഭിമാനത്തെ ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കൂ. എത്ര സഹജമായ മരുന്നാണ്. പറയൂ, ഞങ്ങൾ കേവലം ഒരേഒരു ഭഗ വാനായ ബാബയെയാണ് അംഗീകരിക്കുന്നത്. ബാബ പറയുന്നു കുട്ടികൾ എന്നെ വിളിക്കുന്നു –വന്ന് പതിതരെ പാവനമാക്കൂ, അതുകൊണ്ട് എനിക്ക് വരേണ്ടി വരുന്നു. ബ്രഹ്മാവിൽ നിന്ന് നിങ്ങൾക്ക് ഒന്നും ലഭിക്കുകയില്ല. ബ്രഹ്മാവ് ജ്യേഷ്ഠനാണ്, അച്ഛനല്ല. അച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ബ്രഹ്മാവിൽ നിന്ന് സമ്പത്ത് ലഭിക്കുകയില്ല. നിരാകാരനായ ബാബ ഇദ്ദേഹത്തിലൂടെ നമ്മെ ദത്തെടുത്ത് പഠിപ്പിക്കുന്നു. ഇദ്ദേഹത്തെയും പഠിപ്പിക്കുന്നു. ബ്രഹ്മാവിൽ നിന്ന് ഒന്നും തന്നെ ലഭിക്കാനില്ല. സമ്പത്ത് ഇദ്ദേഹത്തിലൂടെ

ബാബയിൽ നിന്നാണ് ലഭിക്കുന്നത്. നൽകുന്നത് ഒരേഒരാളാണ്. ആ ബാബയുടെ തന്നെ മഹിമയാണുള്ളത്. ബാബയാണ് സർവ്വരുടെയും സദ്ഗതി ദാതാവ്. ഇദ്ദേഹമാണെങ്കിൽ പൂജ്യനിൽ നിന്ന് പൂജാരിയാകുന്നു. സത്യയുഗത്തിലായിരുന്നു, പിന്നീട് 84 ജന്മങ്ങൾ അനുഭവിച്ച് ഇപ്പോൾ പതിതമായിരിക്കുന്നു വീണ്ടും പൂജ്യനും പാവനവുമായിക്കൊണ്ടിരിക്കുന്നു. നമ്മൾ ബാബയിലൂടെ കേൾക്കുന്നു. ഒരു മനുഷ്യനിൽ നിന്നുമല്ല കേൾക്കുന്നത്. മനുഷ്യരുടേത് ഭക്തി മാർഗ്ഗമാണ്. ഇതാണ് ആത്മീയ ജ്ഞാന മാർഗ്ഗം. ജ്ഞാനം കേവലം ഒരു ജ്ഞാന സാഗരന്റെ പക്കൽ മാത്രമാണുള്ളത്. ബാക്കി ഈ ശാസ്ത്രം മുതലായവയെല്ലാം ഭക്തിയുടേതാണ്. ശാസ്ത്രം തുടങ്ങിയവ പഠിക്കുക - ഇതെല്ലാമാണ് ഭക്തി മാർഗ്ഗം. ജ്ഞാന സാഗരൻ ഒരേഒരു ബാബ മാത്രമാണ്, നമ്മൾ ജ്ഞാന നദികൾ ജ്ഞാന സാഗരത്തിൽ നിന്ന് ഉത്ഭവിച്ചിരിക്കുന്നു. ബാക്കി അത് ജലത്തിന്റെ സാഗരവും നദികളുമാണ്. കുട്ടികൾക്ക് ഈ എല്ലാ കാര്യങ്ങളും ഓർമ്മയിൽ ഉണ്ടായിരിക്കണം. അന്തർമുഖിയായി ബുദ്ധി പ്രവർത്തിപ്പിക്കണം. സ്വയം സ്വയത്തെ ഉദ്ധരിക്കുന്നതിനായി അന്തർമുഖിയായി തന്റെ പരിശോധന നടത്തൂ. അഥവ വായിലൂടെ എന്തെങ്കിലും കുവചനം വന്നാൽ അല്ലെങ്കിൽ കുദൃഷ്ടി പോയാൽ സ്വയത്തെ ശാസിക്കണം - എന്റെ വായിൽ നിന്ന് കുവചനം എന്തുകൊണ്ട് വന്നു, എന്തുകൊണ്ട് കുദൃഷ്ടി പോയി? സ്വയം സ്വയത്തെതന്നെ പ്രഹരിക്കണം. ഓരോ നിമിഷവും ജാഗ്രതപ്പെടുത്തണം അപ്പോഴേ ഉയർന്ന പദവി നേടാൻ സാധിക്കൂ. വായിലൂടെ കടുത്ത വാക്കുകൾ വീഴരുത്. ബാബയ്ക്ക് എല്ലാ പ്രകാരത്തിലുമുള്ള ശിക്ഷണങ്ങളും നൽകേണ്ടതായുണ്ട്. ആരെയെങ്കിലും ഭ്രാന്തനെന്ന് വിളിക്കുന്നതും കുവചനമാണ്.

മനുഷ്യരാണെങ്കിൽ ആരെ പ്രതി എന്ത് വരുന്നോ അത് പറഞ്ഞുകൊണ്ടിരിക്കുന്നു. ഒന്നും തന്നെ അറിയുന്നില്ല നമ്മൾ ആരുടെ മഹിമയാണ് പാടുന്നത്. മഹിമ ചെയ്യേണ്ടത് ഒരേഒരു പതിത-പാവനനായ ബാബയുടേതാണ്. മറ്റാരും തന്നെയില്ല. ബ്രഹ്മാ-വിഷ്ണു-ശങ്കരനെ പോലും പതിത-പാവനനെന്ന് പറയില്ല. അവർ ആരെയും പാവനമാക്കുന്നില്ല. പതിതത്തിൽ നിന്ന് പാവനമാക്കുന്നത് ഒരേഒരു ബാബ മാത്രമാണ്. പാവനമായ സൃഷ്ടി പുതിയ ലോകം മാത്രമാണ്. അതാണെങ്കിൽ ഇപ്പോഴില്ല. പവിത്രതയുള്ളത് സ്വർഗ്ഗത്തിൽ മാത്രമാണ്. പവിത്രതയുടെ സാഗരനുമുണ്ട്. ഇതാണെങ്കിൽ രാവണ രാജ്യം തന്നെയാണ്. കുട്ടികൾക്ക് ഇപ്പോൾ ആത്മ-അഭിമാനിയാകുന്നതിന്റെ വളരെ പരിശ്രമം ചെയ്യണം. വായിലൂടെ കല്ലുപോലുള്ള കടുത്തവാക്കുകൾ വീഴരുത്. വളരെ സ്നേഹത്തോടെ ജീവിക്കണം. കുദൃഷ്ടിയും വലിയ നഷ്ടം വരുത്തിവെയ്ക്കുന്നു. വളരെ പരിശ്രമം ആവശ്യമാണ്. ആത്മ-അഭിമാനമാണ് അവിനാശി അഭിമാനം. ദേഹം വിനാശിയാണ്. ആത്മാവിനെ ആരും അറിയുന്നില്ല. ആത്മാവിന്റെ അച്ഛനായും തീർച്ചയായും ആരെങ്കിലും ഉണ്ടായിരിക്കില്ലേ. പറയുന്നുമുണ്ട് എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. പിന്നീടെങ്ങനെ എല്ലാവരിലും പരമാത്മാ പിതാവ് വിരാജിതനാകും? എല്ലാവർക്കും അച്ഛനാകാൻ എങ്ങനെ സാധിക്കും? ഇത്രപോലും ബുദ്ധിയില്ല! എല്ലാവരുടെയും പിതാവ് ഒന്നു തന്നെയാണ്, അവരിൽ നിന്ന് മാത്രമാണ് സമ്പത്ത് ലഭിക്കുന്നത്. അവരുടെ പേരാണ് ശിവൻ. ശിവരാത്രിയും ആഘോഷിക്കുന്നുണ്ട്. രുദ്ര രാത്രി അല്ലെങ്കിൽ കൃഷ്ണ രാത്രി എന്ന് പറയില്ല. മനുഷ്യരാണെങ്കിൽ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല, പറയുന്നു ഇതെല്ലാം ഈശ്വരന്റെ തന്നെ രൂപങ്ങളാണ്, അവിടുത്തെ തന്നെ ലീലയാണ്.

നിങ്ങളിപ്പോൾ മനസ്സിലാക്കുന്നുണ്ട് പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്താണ് ലഭിക്കുന്നത് അതുകൊണ്ട് ആ ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ജോലിക്കാർക്കും ശിക്ഷണം നൽകണം എങ്കിൽ അവരുടെയും അൽപം മംഗളമുണ്ടാകും. എന്നാൽ സ്വയം തന്നെ ഓർമ്മിക്കാൻ കഴിയുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെ ഓർമ്മ നൽകാൻ സാധിക്കും? രാവണൻ തീർത്തും പതിതമാക്കുന്നു പിന്നീട് ബാബ വന്ന് സ്വർഗ്ഗവാസിയാക്കുന്നു. അദ്ഭുതമല്ലേ. ആരുടേയും ബുദ്ധിയിൽ ഈ കാര്യങ്ങളില്ല. ഈ ലക്ഷ്മീ-നാരായണൻ എത്ര ഉയർന്ന സ്വർഗ്ഗവാസിയിൽ നിന്ന് പിന്നീട് എത്ര പതിതമായി തീരുന്നു അതുകൊണ്ടാണ് ബ്രഹ്മാവിന്റെ രാത്രിയെന്നും, ബ്രഹ്മാവിന്റെ പകലെന്നും പാടിയിട്ടുള്ളത്. ശിവന്റെ ക്ഷേത്രത്തിൽ നിങ്ങൾക്ക് വളരെ സേവനം ചെയ്യാൻ സാധിക്കും. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കൂ. വാതിലുകൾ തോറും അലയുന്നത് ഉപേക്ഷിക്കൂ. ഈ ജ്ഞാനം തന്നെ ശാന്തിയുടേതാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ സതോപ്രധാനമാകും. കേവലം ഈ മന്ത്രം നൽകിക്കൊണ്ടിരിക്കൂ. പക്കയാകുന്നതു വരെ ആരിൽ നിന്നും പണം സ്വീകരിക്കരുത്. അവരോട് പറയണം, പവിത്രമായിരിക്കും എന്ന പ്രതിജ്ഞ നിങ്ങൾ ചെയ്താൽ മാത്രമേ ഞങ്ങൾക്ക് നിങ്ങളുടെ കൈയ്യിൽ നിന്നുള്ളത് കഴിക്കാൻ സാധിക്കൂ, എന്തും സ്വീകരിക്കാൻ സാധിക്കൂ. ഭാരതത്തിലാണെങ്കിൽ ക്ഷേത്രങ്ങൾ വളരെയധികമുണ്ട്. വിദേശികളാണെങ്കിലും, ആര് വന്നാലും അവർക്ക് ഈ സന്ദേശം നിങ്ങൾക്ക് നൽകാൻ സാധിക്കണം - ബാബയെ ഓർമ്മിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വികാരത്തിന്റെ വായു കലർന്ന ചിരി-തമാശകൾ ഒരിക്കലും അരുത്. സ്വയത്തെ വളരെ ജാഗ്രതയുള്ള വരാക്കണം, വായിലൂടെ കടുത്ത വാക്കുകൾ വരരുത്.

2) ആത്മ-അഭിമാനിയാകുന്നതിനുള്ള വളരെയധികം അഭ്യാസം ചെയ്യണം. എല്ലാവരോടൊപ്പവും സ്നേഹ ത്തോടെ ജീവിക്കണം. കുദൃഷ്ടി വെയ്ക്കരുത്. കുദൃഷ്ടി ഉണ്ടാകുകയാണെങ്കിൽ സ്വയം തനിക്ക് തന്നെ ശിക്ഷ നൽകണം.

## വരദാനം - നിരന്തരം ഓർമ്മയുടെയും സേവനത്തിന്റെയും ബാലൻസിലൂടെ കുട്ടിക്കാലത്തെ കുസൃതികളെ സമാപ്തമാക്കുന്ന വാനപ്രസ്ഥി ഭവ

ചെറിയ-ചെറിയ കാര്യങ്ങളിൽ സംഗമയുഗത്തിലെ അമൂല്യ സമയത്തെ നഷ്ടപ്പെടുത്തുക എന്നുള്ളത് കുട്ടിക്കാലത്തെ കുസൃതികളാണ്. ഇപ്പോൾ ആ കുസൃതികൾ ശോഭനീയമല്ല, വാനപ്രസ്ഥത്തിൽ കേവലം ഒരേയൊരു കാര്യമാണുള്ളത് - ബാബയുടെ ഓർമ്മയും സേവനവും. ഇതുകൂടാതെ മറ്റൊന്നും തന്നെ ഓർമ്മ വരരുത്. എഴുന്നേറ്റാലും ഓർമ്മയും സേവനവും, ഉറങ്ങുമ്പോഴും ഓർമ്മയും സേവനവും. നിരന്തരം ഇതിന്റെ സന്തുലനമുണ്ടായിരിക്കണം. ത്രികാലദർശികളായി കുട്ടിക്കാലത്തെ കാര്യങ്ങൾ അഥവാ കുട്ടിക്കാലത്തെ സ്വഭാവസംസ്കാരങ്ങളുടെ സമാപ്തി സമാരോഹണം ആഘോഷിക്കൂ, അപ്പോൾ പറയും വാനപ്രസ്ഥികൾ.

## സ്ലോഗൻ - സർവ്വപ്രാപ്തികളാലും സമ്പന്ന ആത്മാക്കളുടെ അടയാളമാണ് - സന്തുഷ്ടത, സന്തുഷ്ടമായിരിക്കൂ, സന്തുഷ്ടമാക്കൂ.

**അവ്യക്ത സൂചന - ഏകാന്ത പ്രിയരാകൂ, ഏകതയെയും ഏകാഗ്രതയെയും സ്വീകരിക്കൂ.**
സ്ഥൂലമായ ഏകാന്തവുമുണ്ട്, സൂക്ഷ്മ ഏകാന്തതയുമുണ്ട്. ഏകാന്തതയുടെ ആനന്ദത്തിന്റെ അനുഭവിയായിത്തീരൂ, അപ്പോൾ ബഹിർമുഖത നല്ലതായി തോന്നില്ല. അവ്യക്ത സ്ഥിതി വർദ്ധിപ്പിക്കുന്നതിനായി ഏകാന്തതയിൽ താൽപര്യം വേണം. ഏകതയോടൊപ്പം ഏകാന്തപ്രിയരാകണം.